## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1175. 06.06.2018 ൽ മറുപടിയ്ക്ക്

## ലഹരി ഉൽപ്പന്നങ്ങളുടെ കടത്ത് തടയാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.സി.മമ്മൂട്ടി | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കഞ്ചാവ് ഉൾപ്പെടെയുള്ള നിരോധിത ലഹരി ഉൽപ്പന്നങ്ങളുടെ കടത്ത് വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരം പിടിക്കപ്പെടുന്നവർക്ക് നിസ്സാര പിഴശിക്ഷ മാത്രമാണ് എക്സൈസ് വകുപ്പിന് ചുമത്താൻ കഴിയു എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം മേൽ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | എൻ.ഡി.പി.എസ് ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയതിനാൽ ടി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുള്ള ശിക്ഷ |

| | | | |
|---|---|---|---|
| | | | തുലോം കുറവായതിനാൽ കുറ്റകൃത്യങ്ങൾ കൂടി വരുന്ന സാഹചര്യത്തിൽ മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിന് സഹായകരമാകുന്നവിധം കേന്ദ്ര നിയമമായ 1985-ലെ എൻ.ഡി.പി.എസ് നിയമം ഈ ആവശ്യത്തിലേക്ക് പരിഷ്കരിക്കുവാൻ കേന്ദ്ര ഗവൺമെൻറിലേക്ക് വിശദമായ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**